ഉത്തരം

(എ) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പന്തളം ഗ്രാമപഞ്ചായത്ത് തരപ്പെടുത്തിത്തരാമെന്നേറ്റ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയായിട്ടില്ല.

(ബി & സി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 15 സെന്റ് ഭൂമി തികച്ചും അപര്യാപ്തമാണ്.

(ഡി) താല്കാലികമായി ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് പന്തളം ഗ്രാമപഞ്ചായത്ത് ഒരുക്കിത്തരാമെന്നേറ്റ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച്, ആവശ്യമായ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്കും ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

പാനൂരിൽ ഫയർ സ്റ്റേഷൻ

25 [826] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലയിലെ പാനൂർ കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ അത്യാവശ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാനൂർ കേന്ദ്രമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച പ്രവർത്തനങ്ങൾ എവിടം വരെ എത്തി എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരിട്ടി, പെരിങ്ങോം എന്നിവിടങ്ങളിൽ.

(സി & ഡി) പാനൂർ കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് കമാന്റന്റ് ജനറലിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

കാട്ടാക്കട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച്

26 [827] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച മുൻഗണനാ ലിസ്റ്റിൽ കാട്ടാക്കടയുടെ സ്ഥാനം എത്രയെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാട്ടാക്കട പഞ്ചായത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നിർമ്മിച്ച കെട്ടിടവും, ഗ്യാരേജും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫ്, വാഹനങ്ങൾ എന്നിവ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) കാട്ടാക്കട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; ഇതിലേക്കായി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(ഇ) കാട്ടാക്കടയ്ക്കുശേഷം, മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എത്ര ഫയർ സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഇതിൽ എത്ര ഫയർ സ്റ്റേഷനുകൾ പ്രവർത്തനം തുടങ്ങി ;

(എഫ്) മുൻഗണനാ ലിസ്റ്റ് തെറ്റിച്ച് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താതെ ഏതെങ്കിലും ഫയർ സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ ;

(എച്ച്) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണനാലിസ്റ്റിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ;

(ഐ) സമയപരിധി ഉണ്ടെങ്കിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഫയർ സ്റ്റേഷനുകളും ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് പ്രവർത്തനം ആരംഭിക്കുമോ ?

ഉത്തരം

(എ) 3-ാമത്.

(ബി) ഉണ്ട്.

(സി) ഇല്ല. ഇത് സംബന്ധിച്ച ഒരു ശുപാർശ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് കമാന്റന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഫയർ സ്റ്റേഷൻ ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കും.

(ഇ) 8 ഫയർ സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 എണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഫയർ സ്റ്റേഷന് വേണ്ട കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന വ്യവസ്ഥയിലാണ് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത സൗകര്യങ്ങൾ പൂർത്തിയാക്കി വകുപ്പിന് കൈമാറുന്ന മുറയ്ക്കാണ് ഭരണാനുമതിയ്ക്കുള്ള നിർദ്ദേശം കമാന്റന്റ് ജനറൽ സർക്കാരിലേക്ക് സമർപ്പിക്കുന്നത്. അപ്രകാരം ലഭിക്കുന്ന നിർദ്ദേശം സർക്കാർ പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകിവരുന്നു.

(ജി) ഉണ്ട്. പേരാവൂരും പൂവാറും സ്ഥലത്തിന്റെ അടിയന്തിര സ്വഭാവം കണക്കാക്കിയാണ് പ്രസ്തുത സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയത്.

(എച്ച്) ഉണ്ട്. 28-10-2003-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 2060/2003/ആഭ്യന്തരം പ്രകാരമാണ് മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത സർക്കാർ ഉത്തരവിലെ തീയതി മുതൽ 3 വർഷത്തേക്കാണ് മുൻഗണനാപ്പട്ടികയുടെ സമയ പരിധി.

(ഐ) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കി നിശ്ചിത സമയത്തിനുള്ളിൽ വകുപ്പിന് കൈമാറുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി മാത്രമേ മുൻഗണനാ ലിസ്റ്റിലുള്ള എല്ലാ സ്ഥലങ്ങളിലും ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

ജയിൽ വകുപ്പിൽ വാർഡർ, ഹെഡ് വാർഡർ അനുപാതം

27 [829] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ വാർഡൻ, ഹെഡ് വാർഡൻ അനുപാതം 3:1 ആക്കുന്നതിന് മുൻപ് വാർഡൻ, ഹെഡ് വാർഡൻ തസ്തിക എത്രയായിരുന്നു എന്ന് അറിയിക്കുമോ; 3:1 അനുപാതം നടപ്പിലാക്കിയശേഷം വാർഡർ, ഹെഡ് വാർഡർ തസ്തിക എത്രയെന്ന് മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) മൂന്ന് മേഖലകളിലും 3:1 അനുപാതം നടപ്പിലാക്കിയശേഷം വാർഡർമാരുടെ എണ്ണത്തിൽ സർക്കാർ വെട്ടിക്കുറവ് വരുത്താതെ നിലവിൽ വാർഡർമാരുടെ എണ്ണം കുറവ് വന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ജയിൽ വകുപ്പിൽ വാർഡർമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന വകുപ്പ് മേധാവിയുടെ നിർദ്ദേശത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജയിൽ വകുപ്പിൽ വാർഡർ, ഹെഡ് വാർഡർ തസ്തികകളുടെ അനുപാതം 3:1 ആക്കുന്നതിന് മുൻപ് 719 വാർഡർമാരും 178 ഹെഡ് വാർഡർമാരും ഉണ്ടായിരുന്നു. 3:1 അനുപാതം നടപ്പിലാക്കിയശേഷം ഒന്നാം മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly